# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 382

### 2020 ഫെബ്രുവരി 04 ന് മറുപടി നൽകേണ്ടത്

| ക്രമ നം. | ചോദ്യം<br>ശ്രീ.എ.പി.അനിൽ കുമാർ | മറുപടി<br>ഡോ.റ്റി. എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|---|
| (എ) | വൻകിട അടിസ്ഥാനസൗകര്യ വികസന പദ്ധതികൾക്കായി എത്ര തുകയാണ് 2016-17, 2017-18, 2018-19, 2019-20 എന്നീ സാമ്പത്തിക വർഷങ്ങളിൽ വകയിരുത്തിയിരുന്നത് എന്നറിയിക്കാമോ; | വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി 2016-17, 2017-18, 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 2536.07 കോടി, 1552 കോടി, 1638.31 കോടി, 1643.30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഏതൊക്കെ പദ്ധതികൾക്കാണ് പ്രസ്തുത വർഷങ്ങളിൽ തുക വകയിരുത്തിയിരുന്നത്; | കൊച്ചി മെട്രോ റെയിൽ, വിഴിഞ്ഞം ഇന്റർനാഷണൽ ഡീപ് വാട്ടർ സീ- പോർട്ട് ലിമിറ്റഡ്, ഐ.ഐ.റ്റി, പാലക്കാട്, 35-ാമത് ദേശീയ ഗെയിംസ്, കൊച്ചി മെട്രൊ പ്രോജക്ട് – ജല മെട്രൊ, കൊച്ചി മെട്രൊ പ്രോജക്ട് – ഇടപ്പള്ളി – ഹൈക്കോടതി റോഡ് വികസനം, കണ്ണൂർ എയർപോർട്ട് പ്രോജക്ട്, കേരളാ റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ, CRDP- വട്ടിയൂർക്കാവ് ജംഗ്ഷൻ വികസന പദ്ധതി, ട്രിഡ- CRDP-ക്കു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ, കൊല്ലം-ആലപ്പുഴ ദേശീയപാത, ഇലക്ട്രോണിക് ഹാർഡ്‌പാർക്ക് – കൊച്ചി, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് , വിഴിഞ്ഞം അന്താരാഷ്ട്ര കണ്ടെയ്നർ ട്രാൻഷിപ്മെന്റ് ടെർമിനൽ, ഈഞ്ചക്കൽ ബസ് ടെർമിനൽ ,KRDC Ltd –റാപ്പിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം RRTS, CRDP (TRIDA) – LAR കേസുകൾ, CRDP– സാങ്കേതിക വിദ്യാഭ്യാസം, കേരള വാട്ടർവെയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്, ഗ്രീൻഫീൽഡ് സ്റ്റേഡിയം, തിരുവനന്തപുരത്തും കോഴിക്കോട്ടും മോണോറെയിൽ പ്രോജക്ടുകൾ, ലൈറ്റ് മെട്രോ സംവിധാനം, മൊബിലിറ്റി ഹബ്ബ്, സബർബൻ റെയിൽ കോറിഡോർ, ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് സോൺ(ഐ.ഡി.ഇസഡ്) ഭൂമി ഏറ്റെടുക്കലും അടിസ്ഥാന സൗകര്യ വികസനവും, |

| | | |
|---|---|---|
| | | ട്രാൻസ്ഗ്രീഡ് 2.0, പാലക്കാട് മെഗാ വുഡ് പാർക്ക്, ഒറ്റപ്പാലത്ത് ഡിഫൻസ് പാർക്ക്, ബേക്കലിൽ എയർസ്ട്രിപ്പ് സ്ഥാപിക്കൽ, മെഗാ ഫുഡ് പാർക്ക്, പാലക്കാട്, പാലങ്ങളുടെയും കലുങ്കുകളുടെയും പുനർ നിർമ്മാണം, ഖരമാലിന്യങ്ങളുടെ മാനേജ്മെന്റിന് വേണ്ടിയുള്ള ഫണ്ട്. ക്രിയേഷൻ ഓഫ് ജുഡീഷ്യൽ ഇൻഫ്രാസ്ട്രക്ച്ചർ, എലിവേറ്റഡ് ഹൈവേ ഇൻ വയനാട് ആന്റ് ബന്ദിപ്പൂർ, എന്നീ പദ്ധതികൾക്കായിട്ടാണ് തുക വകയിരുത്തിയിരുന്നത്. |
| (സി) | ഓരോ സാമ്പത്തിക വർഷവും ഈയിനത്തിൽ എത്ര തുക ചെലവായെന്ന് വെളിപ്പെടുത്താമോ? | 2016-17, 2017-18, 2018-19, സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 911.50, 1336.60, 250.77 കോടി രൂപയും 2019-20 സാമ്പത്തിക വർഷം നാളിതുവരെ 110.94 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ